# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V
## (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**മൂന്നാമത് റിപ്പോർട്ട്**
**(2018-2019)**

**THIRD REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2018-2019)**

2018 ഫെബ്രുവരി 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th February, 2018)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V
# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
മൂന്നാമത് റിപ്പോർട്ട്

(2018-2019)

THIRD REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2018-2019)

230/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി V (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2018 ഫെബ്രുവരി മാസം 14, 16 എന്നീ തീയതികളിൽ സമിതിയോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇതു സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ IX — വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XV — പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL — തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI — ഗതാഗതം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2018 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 16.

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്

വോട്ട് ചെയ്തത് : 54,97,86,31,000 രൂപ

ചാർജ്ജ് ചെയ്തത് : 82,92,98,000 രൂപ

**2059 - പൊതുമരാമത്ത്**

2059-01-051 —പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം

വിഹിതം : 1,85,00,000 രൂപ (നോൺ പ്ലാൻ)

(1) കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-01-053—പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റ പണികളും

വിഹിതം : 46,02,90,000 രൂപ (നോൺ പ്ലാൻ)

(2) വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-60-051 —പൊതുമരാമത്ത്-മറ്റു കെട്ടിടങ്ങൾ- നിർമ്മാണം

വിഹിതം : 9,83,80,000 രൂപ (നോൺ പ്ലാൻ)

(3) വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട വർക്കുകൾക്ക് ആവശ്യം വരുന്ന തുക ഈ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നീതിന്യായ നിർവ്വഹണം, ഭൂനികുതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾ, കേരളാഹൗസ് ന്യൂഡൽഹിയിലെ പണികൾ എന്നിവയ്ക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-60-053 —പൊതുമരാമത്ത്-മറ്റു കെട്ടിടങ്ങൾ- സംരക്ഷണവും അറ്റകുറ്റപണികളും

വിഹിതം : 74,34,00,000 രൂപ (നോൺ പ്ലാൻ)

(4) നീതിന്യായ നിർവ്വഹണം, ഭൂനികുതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റ് സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-99 (01)—പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)

(02) —നടത്തിപ്പ് (ചീഫ് ആർക്കിടെക്റ്റ്, പൊതുമരാമത്ത്)

വിഹിതം : 9,69,74,000 രൂപ (നോൺ പ്ലാൻ)

5,47,37,000 രൂപ (നോൺ പ്ലാൻ)

(5) കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം, ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടൂർ റ്റി.എ, പി.ഒ.എൽ., മറ്റ് ഇനങ്ങൾ, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയിൽ 29.34 ലക്ഷം രൂപയും, ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളവും എന്ന ശീർഷകത്തിൽ 42.21 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-98 —പൊതുമരാമത്ത് - ജനറൽ -ഭരണവും നടത്തിപ്പും-മേൽനോട്ടം

വിഹിതം : 8,30,11,000 രൂപ (നോൺ പ്ലാൻ)

(6) കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ., പി.ഒ.എൽ. മറ്റ് ഇനങ്ങൾ എന്നിവയ്ക്കായും ജുഡീഷ്യൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പുതിയ വാഹനം വാങ്ങുന്നതിലേക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34.82 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-97—പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം

വിഹിതം : 1,85,63,13,000 രൂപ (നോൺ പ്ലാൻ)

(7) കെട്ടിട വിഭാഗത്തിന് കീഴിലുള്ള 21 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ അവധി യാത്രാ ആനുകൂല്യം, ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ. എന്നിവയ്ക്കായി 36 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059 -80-052—പൊതുമരാമത്ത് - ജനറൽ -യന്ത്രോപകരണങ്ങൾ

വിഹിതം : 3,00,000 രൂപ (നോൺ പ്ലാൻ)

(8) പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപണികൾ മുതലായവയ്ക്കായി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059 -80 -053 —പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം : 23,42,02,000 രൂപ (നോൺ പ്ലാൻ)

(9) കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും, രാജ്ഭവൻ സജ്ജീകരിക്കലും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം, കേരള ഹൗസ്, ന്യൂഡൽഹിയിലെ പണികൾ ചെയ്തു തീർക്കുന്നതിലേക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 3054 - റോഡുകളും പാലങ്ങളും

3054-01-001-99— റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

വിഹിതം : 4,52,29,000 രൂപ (നോൺ പ്ലാൻ)

(10) ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ യാത്രാബത്ത, അവധി യാത്രാ ആനുകൂല്യം, ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ശമ്പളം, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി 31 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-001-98—റോഡുകളും പാലങ്ങളും -നാഷണൽ ഹൈവേയ്സ്- ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

വിഹിതം : 55,22, 84,000 രൂപ (നോൺ പ്ലാൻ)

(11) ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം, പി.ഒ.എൽ. ഇനത്തിലെ കുടിശ്ശിക, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി 69 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-337-99—റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേയ്സ്- റോഡുപണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

വിഹിതം : 5,00,00,000 രൂപ ( നോൺ പ്ലാൻ)

(12) സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-800-99—റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേയ്സ് - മറ്റു ചെലവുകൾ- മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

വിഹിതം : 40,00,000 രൂപ (നോൺ പ്ലാൻ)

(13) മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-98—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

വിഹിതം : 110,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)

6,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

(14) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും, റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-97—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

വിഹിതം : 50,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)

5,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

(15) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റ പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-96—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

വിഹിതം : 50,00,00,000 രൂപ (നോൺ പ്ലാൻ)

(16) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്ക ക്കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-95 —റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/ സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

വിഹിതം : 5,00,00,000 രൂപ (നോൺ പ്ലാൻ)

(17) വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-94—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്

വിഹിതം : 7,00,00,000 രൂപ (നോൺ പ്ലാൻ)

(18) തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-93—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ശബരിമല വർക്കുകൾ

വിഹിതം : 50,00,00,000 രൂപ (നോൺ പ്ലാൻ)

(19) ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും ഈ വർഷത്തെ പണി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-04-105-98—റോഡുകളും പാലങ്ങളും - ജില്ലാതല റോഡുകളും മറ്റു റോഡുകളും - സംരക്ഷണവും അറ്റകുറ്റപ്പണികളും - സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

വിഹിതം : 1000 രൂപ ( നോൺപ്ലാൻ).

(20) പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റ പണികൾക്കുവേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടാനുള്ള പ്രസ്തുത ശീർഷകത്തിൽ പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിന് വേണ്ടി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-99—റോഡുകളും പാലങ്ങളും-ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്

വിഹിതം : 14,20,32,000 രൂപ (നോൺ പ്ലാൻ)

(21) റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും, കെഎസ്ടിപി. ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും

അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപയും, പി.ഒ.എൽ ഇനത്തിൽ 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-98—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം

വിഹിതം: 10,14,89,000 രൂപ (നോൺ പ്ലാൻ)

(22) റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി 3 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97—റോഡുകളും പാലങ്ങളും -ജനറൽ - ഭരണവും നടത്തിപ്പും നിർവ്വഹണം

വിഹിതം : 175,35,38,000 രൂപ (നോൺ പ്ലാൻ)

(23) ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 16 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 2 ലക്ഷം രൂപയും, ടെലിഫോൺ ചെലവിന് 10 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 10 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 12 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 3,07,59,000 രൂപ (നോൺ പ്ലാൻ)

(24) ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98—റോഡുകളും പാലങ്ങളും - ജനറൽ -ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്ക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

വിഹിതം : 5,96,83,000 രൂപ (നോൺ പ്ലാൻ)

(25) ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി. ഒ. എൽ. ഇനത്തിൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-93—റോഡുകളും പാലങ്ങളും- ജനറൽ ഗവേഷണവും
പരിഷ്കരണവും പൊതുമരാമത്ത് വകുപ്പിൻകീഴിലെ
ഇ- ഗവേണൻസ്

വിഹിതം : 42,00,000 രൂപ (പ്ലാൻ)

(26) പൊതുമരാമത്ത് വകുപ്പിനു കീഴിലെ ഇ-ഗവേണൻസിനുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലെ ഐ.ടി. ഉപകരണങ്ങളുടെ എ.എം.സി. അറ്റകുറ്റപ്പണികൾക്കായും ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുമായി 258 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-052-98—റോഡുകളും പാലങ്ങളും- ജനറൽ -
യന്ത്രോപകരണങ്ങളും - വാഹനങ്ങളുടെ
അറ്റകുറ്റപ്പണികളും

വിഹിതം : 25,00,000 രൂപ (നോൺ പ്ലാൻ)

(27) വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീന്റെ നിലവിലുള്ള റിപ്പയർ ബില്ലുകൾ നൽകുന്നതിനും മറ്റുള്ള അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-107-97—റോഡുകളും പാലങ്ങളും - ജനറൽ -റെയിൽവെ
സുരക്ഷിതത്വപണികൾ -കാവൽക്കാർ ഇല്ലാത്ത ലെവൽ
ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

വിഹിതം : 3,30,00,000 രൂപ (പ്ലാൻ)

(28) കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. ദക്ഷിണ റെയിൽവേക്ക് നൽകുവാനുള്ള കടിശ്ശിക കൂടി കണക്കിലെടുത്ത് നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-95—റോഡുകളും പാലങ്ങളും - ജനറൽ -മറ്റ് ചെലവുകൾ-റോഡ് സുരക്ഷിതത്വ പണികൾ

വിഹിതം : 4,25,00,000 രൂപ (പ്ലാൻ)

(29) റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ റോഡ് സുരക്ഷാ പദ്ധതികൾക്കായി 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 4059- പൊതുമരാമത്ത് മൂലധനചെലവ്

4059-01-051-99— പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ

വിഹിതം : 41,18,000 രൂപ (പ്ലാൻ)

(30) കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059 -01-051-98—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - നീതിന്യായനിർവ്വഹണം

വിഹിതം : 61,77,000 രൂപ ( പ്ലാൻ)

(31) ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണപണികൾക്കായി 1.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059 -01-051-97—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ഇലക്ഷൻ

വിഹിതം : 82,000 രൂപ ( പ്ലാൻ)

(32) ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-96-16— പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തു പണികൾ

വിഹിതം: 41,18,000 രൂപ (പ്ലാൻ)

(33) ഭൂനികുതിവകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വിവിധ താലൂക്ക് റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-95-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ-വൻകിട മരാമത്തു പണികൾ

വിഹിതം : 4,11,86,000 രൂപ (പ്ലാൻ)

(34) രജിസ്ട്രാർ ഓഫീസുകളുടെ പല പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-94-16—പൊതുമരാമത്ത് മൂലധനചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-സ്റ്റേറ്റ് എക്സൈസ് വൻകിട മരാമത്തു പണികൾ

വിഹിതം: 4,11,86,000 രൂപ (പ്ലാൻ)

(35) എക്സൈസ് കോംപ്ലക്സ് ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-93-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വിൽപ്പന നികുതി - വൻകിട മരാമത്തു പണികൾ

വിഹിതം : 82,000 രൂപ (പ്ലാൻ)

(36) ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-92-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മീഷൻ - വൻകിട മരാമത്തു പണികൾ

വിഹിതം : 8,23,000 രൂപ (പ്ലാൻ)

(37) പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-91-16—പൊതുമരാമത്ത് മൂലധനചെലവ് -ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം-സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ് - വൻകിട മരാമത്തുപണികൾ

വിഹിതം : 5,76,60,000 രൂപ (പ്ലാൻ)

(38) സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-90-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ട്രഷറിയും അക്കൗണ്ടുഭരണവും - വൻകിട മരാമത്തു പണികൾ

വിഹിതം : 41,18,000 രൂപ (പ്ലാൻ)

(39) ട്രഷറിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-89-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പോലീസ് - വൻകിട മരാമത്തു പണികൾ

വിഹിതം : 82,000 രൂപ (പ്ലാൻ)

(40) ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-88-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ജയിൽ - വൻകിട മരാമത്തു പണികൾ

വിഹിതം : 82,000 രൂപ (പ്ലാൻ)

(41) ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-87-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - സ്റ്റേഷനറിയും അച്ചടിയും - വൻകിട മരാമത്തു പണികൾ

വിഹിതം : 82,000 രൂപ (പ്ലാൻ)

(42) സ്റ്റേഷനറി അച്ചടി വകുപ്പിന്റെ പണികൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-86-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്തു പണികൾ

വിഹിതം: 27,70,18,000 രൂപ (പ്ലാൻ)

(43) സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. പല പണികളും പുരോഗതിയിലായതിനാലും സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന സർക്കാർ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതിനാലും ഈ ശീർഷകത്തിൽ

വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും പണികൾ പൂർത്തീകരിക്കാനും ഈ ശീർഷകത്തിൽ 125 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-85-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം-അഗ്നി പ്രതിരോധവും നിയന്ത്രണവും- വൻകിട മരാമത്തു പണികൾ

വിഹിതം: 82,000 രൂപ (പ്ലാൻ)

(44) വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-84-16—പൊതുമരാമത്ത് മൂലധന ചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുജനാരോഗ്യം-വൻകിട മരാമത്തു പണികൾ

വിഹിതം: 82,000 രൂപ ( പ്ലാൻ)

(45) ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-83-16—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - രാജ്ഭവൻ മരാമത്തു പണികൾ

വിഹിതം : 8,23,000 രൂപ ( പ്ലാൻ)

(46) രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-75-16— പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - വാണിജ്യ നികുതി വകുപ്പ് - വൻകിട മരാമത്തു പണികൾ

വിഹിതം : 20,59,000 രൂപ ( പ്ലാൻ)

(47) വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി ഉൾപ്പെടുത്തിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-72—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വിഹിതം : ഇല്ല

(48) വില്ലേജ് ഓഫീസുകൾക്കുള്ള ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ വില്ലേജാഫീസുകളുടെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും പണികൾക്കായി 7.5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-71-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ-പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ) - വൻകിട മരാമത്ത് പണികൾ

വിഹിതം : 20,00,00,000 രൂപ ( നോൺ പ്ലാൻ)

(49) മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു

4059-01-051-62— പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം- ഇലക്ട്രോണിക് പ്രവൃത്തികൾ.

വിഹിതം : ഇല്ല (പ്ലാൻ)

(50) വിവിധ ഓഫീസ് കെട്ടിടങ്ങളുടെ ഇലക്ട്രോണിക് പ്രവൃത്തികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

4059-60-051-86— പൊതുമരാമത്ത് മൂലധന ചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം-പൊതുമരാമത്തു പണികൾ

വിഹിതം : 2,00,00,000 രൂപ (നോൺ പ്ലാൻ)

(51) ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംസ്ഥാനത്തെ വിവിധ റസ്റ്റ് ഹൗസുകളുടെയും, കെട്ടിടങ്ങളുടേയും പണികൾക്കും, കടിശ്ശിക ബില്ലുകൾ നൽകാനും 1.67 കോടി രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-85— പൊതുമരാമത്ത് മൂലധന ചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം-അഗ്നി പ്രതിരോധവും നിയന്ത്രണവും.

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

(52) പൊതുമരാമത്തിന്റെ അഗ്നി പ്രതിരോധവും നിയന്ത്രണവും എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 18 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-77-16— പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം -നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം-വൻകിട മരാമത്തു പണികൾ (കെട്ടിടങ്ങൾ)

വിഹിതം : 41,18,000 രൂപ (പ്ലാൻ)

(53) നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-69— പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം - 60 % കേന്ദ്ര വിഹിതം)

വിഹിതം : 37,06,75,000 രൂപ ( പ്ലാൻ)

(54) 60% കേന്ദ്ര സഹായം ഉള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക കോടതി കെട്ടിടങ്ങളുടെ പണികൾക്ക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി-ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-67— പൊതുമരാമത്ത് മൂലധന ചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം- ഇലക്ട്രോണിക് പ്രവൃത്തികൾ.

വിഹിതം : ഇല്ല.

(55) കെട്ടിടങ്ങളുടെ ഇലക്ട്രോണിക് പ്രവർത്തികൾക്കായി പുതിയ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനവിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-79 — പൊതുമരാമത്ത് മൂലധന ചെലവ് - ജനറൽ - നിർമ്മാണം- ജന്റർ ബഡ്ജറ്റിംഗ്

വിഹിതം : 3,30,00,000 രൂപ ( പ്ലാൻ)

(56) ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-78 -16— പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം- സൈനിക സ്കൂൾ - വൻകിട മരാമത്തു പണികൾ

വിഹിതം : 1,50,00,000 രൂപ (നോൺപ്ലാൻ)

(57) സൈനിക സ്കൂളിനായി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായ തിനാൽ 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-75— പൊതുമരാമത്ത് മൂലധന ചെലവ് - ജനറൽ - നിർമ്മാണം- സൂക്ഷ്മ പരിശോധന പ്രവൃത്തികൾ.

വിഹിതം : ഇല്ല

(58) ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-74—പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം-

ഇലക്ട്രോണിക് പ്രവൃത്തികൾ

വിഹിതം : ഇല്ല

(59) ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 5054 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്

5054-01-337-99— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് -നാഷണൽ ഹൈവേകൾ - റോഡു പണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്

വിഹിതം : 3,62,44,000 രൂപ (പ്ലാൻ)

(60) നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം - പുതുപൊന്നാനി റോഡ് താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-98-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിട മരാമത്തു പണികൾ.

വിഹിതം : 10,23,89,000 രൂപ (പ്ലാൻ)

(61) നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന - കളിയിക്കാവിള ദേശീയ പാതയുടെ രണ്ടാം ഘട്ടം കരമന - പ്രാവച്ചമ്പലം റോഡ് വികസനത്തിന് 162.46 കോടി രൂപയുടെ കിഫ്ബിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക്, 300 കോടി അധികമായി അനുവദിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 462.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-96—റോഡുകളും പാലങ്ങളും നാഷണൽ ഹൈവേകൾ - റോഡു പണികൾ - ദേശീയപാതയിലെ ബൈപാസ്സുകളുടെ നിർമ്മാണം

വിഹിതം : 6,79,57,000 രൂപ (പ്ലാൻ)

(62) പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കേണ്ടതായുണ്ട്. ദേശീയപാതാ വിഭാഗത്തിൽ വരുന്ന ബൈപ്പാസുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-95— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - കൊല്ലം - ആലപ്പുഴ - ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

വിഹിതം : 82,000 രൂപ (പ്ലാൻ)

(63) കൊല്ലം, ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 190 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054 -01 - 800 - 99— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ - ദേശീയ പാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

വിഹിതം : 16,30,97,000 രൂപ ( പ്ലാൻ)

(64) ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾ കൂടുതലായി ചെയ്യേണ്ടതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനഃപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5054-01-800-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്- നാഷണൽഹൈവേകൾ - മറ്റ് ചെലവുകൾ -ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിഹിതം : 10,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)

20,00,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

(65) വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ - പാലങ്ങൾ-പാലങ്ങളുംകലുങ്കുകളും - വൻകിട മരാമത്ത് പണികൾ

വിഹിതം : 10,87,32,000 രൂപ (പ്ലാൻ)

(66) സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനും ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ -റോഡുപണികൾ - വികസനവും പരിഷ്കരണവും - വൻകിട മരാമത്തു പണികൾ

വിഹിതം : 36,24,38,000 രൂപ (പ്ലാൻ)

(67) സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5054-04-101-99-16 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലംപണികൾ -പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തു പണികൾ

വിഹിതം : 66,96,87,000 രൂപ (പ്ലാൻ)

(68) പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2017-18 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2018-19 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5054-04-101-95 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റ് റോഡുകളും പാലം പണികൾ - നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം-പാലങ്ങൾ

വിഹിതം : 1,00,00,000 രൂപ ( നോൺ പ്ലാൻ)

(69) വിവിധ കാരണങ്ങളാൽ പൂർത്തീകരണം മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തീകരണത്തിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-94—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റുറോഡുകളും -പാലം പണികൾ-ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം (പാലം)

വിഹിതം : 5,00,00,000 രൂപ വോട്ട് ചെയ്തത് ( നോൺ പ്ലാൻ)

1,000 രൂപ ചാർജ്ജ് ചെയ്തത് ( നോൺ പ്ലാൻ)

(70) പാലങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-86 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ- മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാലങ്ങൾ)

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

(71) സ്റ്റേഷൻകടവ് പാലത്തിന്റെ പൂർത്തികരണത്തിനും അഴിമാവ് പാലത്തിന്റെ നിർമ്മാണത്തിനും ഈ ശീർഷകത്തിൽ 10.56 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-85— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ- പാലങ്ങളും കലുങ്കുകളും പുനർ നിർമ്മാണം

വിഹിതം : 82,000 രൂപ (നോൺ പ്ലാൻ)

(72) പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണമെന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4,000 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്ത് പണികൾ

വിഹിതം : 82,37,23,000/- രൂപ (പ്ലാൻ)

(73) പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. 2017-18 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2018-19 വർഷം പുതിയ ഭരണാനുമതി നൽകാനുമായി 1100 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം - വൻകിട മരാമത്തു പണികൾ

വിഹിതം : 3,25,37,000 രൂപ (പ്ലാൻ)

(74) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ- ശബരിമല റോഡ് പ്രോജക്റ്റ്-വൻകിട മരാമത്തു പണികൾ

വിഹിതം : 9,06,10,000 രൂപ (പ്ലാൻ)

(75) ശബരിമലയുടെ സമഗ്ര റോഡ് വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-80 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും - മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

വിഹിതം : 100,00,00,000 രൂപ വോട്ട് ചെയ്തത് ( നോൺ പ്ലാൻ )

: 60,00,00,000 രൂപ ചാർജ്ജ് ചെയ്തത് ( നോൺ പ്ലാൻ)

(76) റോഡുകളുടേയും പാലങ്ങളുടേയും ഭൂമി ഏറ്റെടുത്ത ശേഷം കോടതി വിധി പ്രകാരം നഷ്ടപരിഹാരം നൽകാൻ വേണ്ടി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-101-99 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ-പാലങ്ങൾ-സി.ആർ.എഫ്.പാലങ്ങൾ(സാധാരണ വിഹിതം).

വിഹിതം : ഇല്ല (പ്ലാൻ)

(77) ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ദേശീയ പാതാ വിഭാഗത്തിന്റെ പാലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിലേയ്ക്കായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-337-97-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡുപണികൾ - സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)- വൻകിട മരാമത്ത് പണികൾ

വിഹിതം : 53,82,21,000 രൂപ (പ്ലാൻ)

(78) കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത് പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 400 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-190-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- ജനറൽ -പൊതുമേഖലാസ്ഥാപനങ്ങളിലുംമറ്റുമുള്ളനിക്ഷേപം - പ്രതീക്ഷാ ബസ്ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായം.

വിഹിതം : ഇല്ല

(79) പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരളാ ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായത്തിനായി പുതിയ ശീർഷകം ഉൾപ്പെടുത്തി കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5054-80-190-97 - 66 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജനറൽ - പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - ലിംഗ - സമത്വ - സ്ത്രീ - ശാക്തീകരണ നയ നിർവ്വഹണം - ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനുള്ള സഹായം - ലിംഗ സമത്വ പദ്ധതി നിർവ്വഹണം.

വിഹിതം : 10,00,000 രൂപ ( നോൺ പ്ലാൻ)

(80) ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1.18 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-82—റോഡുകളും പാലങ്ങളും -ജനറൽ - മറ്റു ചെലവുകൾ - പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000/- രൂപ (പ്ലാൻ)

(81) പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സംസ്ഥാന തലത്തിൽ വിവിധ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 7.75 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - റെയിൽവേ സുരക്ഷിതത്വ പണികൾ

വിഹിതം : 12,10,00,000 രൂപ (പ്ലാൻ)

(82) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- ജനറൽ - മറ്റ് ചെലവുകൾ - മേൽപ്പാലങ്ങളുടെ പൂർത്തീകരണം

വിഹിതം : 1,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)

1000 രൂപ ചാർജ്ജ് ചെയ്തത് ( നോൺ പ്ലാൻ)

(83) കാഞ്ഞങ്ങാട്, ഫറോക്ക്, പാവങ്ങാട്, കാരിത്താസ് എന്നീ പാലങ്ങളുടെ 2018-19-ലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- ജനറൽ - മറ്റ് ചെലവുകൾ - പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

(84) പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരമന, പാവങ്ങാട് ആർ. ഒ. ബി. കൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാനഘട്ടത്തിലാണ്. ആയതിനാൽ 8.8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - കൊച്ചിയിൽ സീ പോർട്ട് - എയർ പോർട്ട് റോഡിന്റെ നിർമ്മാണം.

വിഹിതം : 12,50,00,000 രൂപ (പ്ലാൻ)

(85) കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. എച്ച്. എം. ടി. യുടെയും എൻ.എ.ഡി.യുടെയും ഭൂമി ലഭ്യമാക്കുമ്പോൾ എച്ച്. എം. ടി. മുതൽ

എൻ. എ.ഡി. വരെയുള്ള പണി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-68— പൊതുമരാമത്ത് റോഡുകളും പാലങ്ങളും -ജനറൽ - മറ്റു ചെലവുകൾ-പി.പി.പി. (അന്വിറ്റി) നടപ്പാക്കൽ റോഡ് നിർമ്മാണം

വിഹിതം : 7,70,00,000/- രൂപ (പ്ലാൻ)

(86) ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ റീഹാബിലിറ്റേഷൻ പാക്കേജ് എ.ബി. എന്നിവയുടെ കൺസഷനെയർ കമ്പനിക്ക് കരാർ പ്രകാരം നിശ്ചിത തീയതികളിൽ നൽകേണ്ട അന്വിറ്റി തുക അനുവദിക്കുന്നതിനായി 32.46 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-66— പൊതുമരാമത്ത് റോഡുകളും പാലങ്ങളും-ജനറൽ -മറ്റു ചെലവുകൾ-അധിക പൊതുമരാമത്ത് പ്രവൃത്തികൾ.

വിഹിതം: 500,00,00,000/- രൂപ ( നോൺ പ്ലാൻ)

(87) ഈ ശീർഷകത്തിൽ 700 കോടി രൂപ അധികമായി അനുവദിക്കണമെന്നും 5054-04-800-337-97- ശീർഷകത്തിൽ 2016-17, 2017-18 വർഷങ്ങളിലായി അനുവദിച്ചിട്ടുള്ള 500 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകുന്നതിന് ഉപയോഗിക്കാവുന്ന ഫണ്ടായി ഈ ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം ചെയ്ത് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

വോട്ട് ചെയ്തത് - 1,83,53,10,000/- രൂപ

ചാർജ് ചെയ്തത് - ഇല്ല

3051-02-001-99 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - പോർട്ട് ഡയറക്ടറേറ്റ്

വിഹിതം : 3,02,11,000/- രൂപ (നോൺ പ്ലാൻ)

(88) തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, ദിവസ വേതനം, അലവൻസ്, അദർ ഐറ്റംസ്, അദർ ചാർജ്ഡ് അദർ ഐറ്റംസ്, റിപ്പയർ ആന്റ് മെയിന്റനൻസ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

വിഹിതം : 31,65,25,000 രൂപ (നോൺ പ്ലാൻ)

(89) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 02-5-ദിവസവേതനം എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 04-1-യാത്രാബത്ത എന്ന ശീർഷകത്തിൽ 5.03 ലക്ഷം രൂപയും 05-1 വെള്ളക്കരം എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 05-2-വൈദ്യുത ചെലവ് എന്ന ശീർഷകത്തിൽ 5.55 ലക്ഷം രൂപയും 05-3-ടെലഫോൺ ചെലവ് എന്ന ശീർഷകത്തിൽ 3.12 ലക്ഷം രൂപയും 05-04-മറ്റിനം എന്ന ശീർഷകത്തിൽ 4.12 ലക്ഷം രൂപയും 21-2 മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും എന്ന ശീർഷകത്തിൽ 7.17 ലക്ഷം രൂപയും 34-03-മറ്റിനം എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 2.21 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-97 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങളും - ഭരണവും നടത്തിപ്പും - സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോറ്സ് ഓർഗനൈസേഷൻ സ്ഥാപിക്കലും

വിഹിതം : 1,68,47,000/- രൂപ (നോൺ പ്ലാൻ)

(90) തുറമുഖ ഡയറക്ടറേറ്റിൽ ചീഫ് മെക്കാനിക്കൽ എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, ദിവസവേതനം, യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ശീർഷകത്തിലും, ഇതേ വകുപ്പിന്റെ കീഴിലുള്ള ടഗ്ഗുകൾ, ബാർജ്ജുകൾ, മറ്റു ജല വാഹനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകരയിലും ബേപ്പൂരിലും ഉള്ള വർക്ക്ഷോപ്പിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് നൽകുന്നതിന് സാലറി ഓവർടൈം എന്ന ശീർഷകത്തിലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11.10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-101-99— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും -പോർട്ട് ഡിപ്പാർട്ട്മെന്റ്

വിഹിതം : 2,00,000/- രൂപ (നോൺ പ്ലാൻ)

(91) തുറമുഖ വകുപ്പിനു കീഴിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, സിഗ്നൽ സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, വർക്ക്ഷോപ്പുകൾ, സ്റ്റോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണി കൾക്കുവേണ്ടി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-102-99— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

വിഹിതം : 9,84,29,000/- രൂപ (നോൺ പ്ലാൻ)

(92) നീണ്ടകര, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ പോർട്ട് ഓഫീസർമാരുടെ ഓഫീസുകളിലേയും മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരുടെയും, ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ, ഷിപ്പിംഗ് ഓപ്പറേഷനുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ഓവർടൈം അലവൻസ്, ടെലിഫോൺ ചാർജ്ജുകൾ, വാടക, കരം, നികുതി, മോട്ടോർ വെഹിക്കിൾസ് റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-102-98— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - അന്വേഷണവും രക്ഷാനടപടിയും

വിഹിതം : 88,74,000/- രൂപ (നോൺ പ്ലാൻ)

(93) കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, ജലവാഹനങ്ങൾക്കുള്ള ഇന്ധന ചെലവ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-103-97— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഡ്രെഡ്ജിംഗ് യൂണിറ്റ്

വിഹിതം : 31,42,000/- രൂപ (നോൺ പ്ലാൻ)

(94) തുറമുഖങ്ങളിലെ അത്യാവശ്യ മണ്ണുമാന്തൽ പ്രവർത്തനത്തിനു വേണ്ടിയുള്ള ഗ്രാബ് ഡ്രെഡ്ജറുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, മറ്റിനം എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.5 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-02-200-73— ചെറുകിട തുറമുഖ വികസനം തിരുവനന്തപുരം (വലിയതുറ) വികസനം

വിഹിതം : 1,00,00,000/- രൂപ

(95) വലിയതുറ ഗോഡൗണിന്റെ നവീകരണം വലിയതുറ പിയർ ബലപ്പെടുത്തൽ, പിയറിനോടനുബന്ധിച്ച് സംരക്ഷണഭിത്തി നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വലിയതുറ കോമ്പൗണ്ട് വാൾ, റോഡ് എന്നിവയുടെയും പിയറിനോടനുബന്ധിച്ചുള്ള സംരക്ഷണഭിത്തിയുടെയും നിർമ്മാണത്തിന് 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

5051-80-800-75— തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - നിരീക്ഷണ കപ്പലുകളുടെ റീപ്ലേയ്സ്മെന്റും നവീകരണവും

വിഹിതം : 50,00,000/- രൂപ (പ്ലാൻ)

(96) നിരീക്ഷണ കപ്പലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ച ഇക അപര്യാപ്തമായതിനാൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## XLI - ഗതാഗതം

വോട്ടു ചെയ്തത് : 6,52,92,53,000 രൂപ

ചാർജ്ജ് ചെയ്തത് : 70,29,90,000 രൂപ

## 3056 - ഉൾനാടൻ ജലഗതാഗതം

3056-00-001-98-02-5— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വേതനം - ദിവസവേതനം

വിഹിതം : 60,00,000 രൂപ (നോൺ പ്ലാൻ)

(97) 2018-19 വർഷത്തേക്ക് ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് കൊടുത്തു തീർക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-05-4— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

വിഹിതം : 72,000 രൂപ (നോൺ പ്ലാൻ)

(98) ചെക്കിംഗ് ബാറ്റ ഉൾപ്പെടെയുള്ള 2018-19 വർഷം പ്രതീക്ഷിക്കുന്ന ചെലവ് കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-06— ഉൾനാടൻ ജലഗതാഗതം ഭരണവും നടത്തിപ്പും- ഓപ്പറേഷൻ - വാടക, കരം, നികുതി

വിഹിതം : 1,10,000 രൂപ (നോൺ പ്ലാൻ)

(99) ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-34(3)— ഉൾനാടൻ ജലഗതാഗതം ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ - മറ്റിനം

വിഹിതം : 12,00,00,000 രൂപ (നോൺ പ്ലാൻ)

(100) വകുപ്പിൽ പുതിയ സർവ്വീസുകൾ നടപ്പിലാക്കിയതിനാൽ ഇന്ധന ചെലവ് വർദ്ധിക്കുന്ന സാഹചര്യമാണെന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-01-4— ഉൾനാടൻ ജലഗതാഗതം ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 82,000 രൂപ (നോൺ പ്ലാൻ)

(101) പെൻഡിംഗ് മെഡിക്കൽ ബില്ലുകൾ കൊടുത്തു തീർക്കുന്നതിനു പ്രതീക്ഷിക്കുന്ന ചെലവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-003-99— ഉൾനാടൻ ജലഗതാഗതം - പരിശീലനവും ഗവേഷണവും - ഉൾനാടൻ ജലഗതാഗത വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം

വിഹിതം : 50,000 രൂപ (നോൺ പ്ലാൻ)

(102) ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ കൂടുതലായി നടത്തുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-19— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ

വിഹിതം : 70,00,000 രൂപ (നോൺ പ്ലാൻ)

(103) പുതിയ ഡ്രൈഡോക്ക്, സ്ലിപ് വേ സംവിധാനങ്ങൾ പ്രവർത്തിച്ച് തുടങ്ങുന്നതോടെ സ്പെയർപാർട്ടുകളും, അനുബന്ധ വസ്തുക്കളും കൂടുതലായി വാങ്ങേണ്ടി വരുന്നതിനാൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-01-4— ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - ശമ്പളം- മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 90,000 രൂപ (നോൺ പ്ലാൻ)

(104) 2018-19 വർഷത്തിലെ പാസ്സായിവരുന്ന മെഡിക്കൽ ബില്ലുകൾ മാറി നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-04 (2)— ഉൾനാടൻ ജലഗതാഗതം- ഭരണവും നടത്തിപ്പും-മാനേജ്മെന്റ്- യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത

വിഹിതം : 32,000 രൂപ (നോൺ പ്ലാൻ)

(105) ജീവനക്കാരുടെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ബത്ത നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 20,000 രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-05-2— ഉൾനാടൻ ജലഗതാഗതം, ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതചെലവ്

വിഹിതം : 8,50,000 രൂപ (നോൺ പ്ലാൻ)

(106) പൂർത്തിയാകുമെന്ന പ്രതീക്ഷിക്കുന്ന ഡ്രൈ ഡോക്ക് സംവിധാനം, സ്ലിപ് വേകൾ എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അധിക ഉപഭോഗം ഉണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം ഉപാധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-05-3— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും- മാനേജ്മെന്റ് - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്

വിഹിതം : 3,20,000 രൂപ (നോൺ പ്ലാൻ)

(107) വകുപ്പിന്റെ ബ്രോഡ്ബാൻഡ്, ഇന്റർനെറ്റ് കണക്ഷൻ, സി.യു.ജി എന്നിവയുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-17— ഉൾനാടൻ ജലഗതാഗതം -ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - ചെറുകിട മരാമത്തു പണികൾ

വിഹിതം : 1,00,000 രൂപ (നോൺ പ്ലാൻ)

(108) വകുപ്പിന്റെ കെട്ടിടങ്ങളുടെ ചെറുകിട അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-21-02— ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും- മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണിയും

വിഹിതം : 90,000 രൂപ (നോൺ പ്ലാൻ)

(109) വകുപ്പിന് മൂന്ന് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-104-85(01) — ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - നാവിഗേഷൻ - കേരള പരിപ്രേഷ്യാ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

വിഹിതം : 50,000 രൂപ (പ്ലാൻ)

(110) കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനും, മറ്റു പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 117.54 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-190-96— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ് - മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള പരിപ്രേഷ്യാ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

വിഹിതം : 50,000 രൂപ (പ്ലാൻ)

(111) കൊച്ചി മെട്രോയുടെ ജെ. എൽ. എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-190-94(1)— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ് - മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള പരിപ്രേഷ്യാ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ - കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ

വിഹിതം : 1,00,000 രൂപ (പ്ലാൻ)

(112) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പണികൾക്കായും റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 343.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-83— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

വിഹിതം : 50,000 രൂപ (പ്ലാൻ)

(113) കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ ഘട്ടം I A(പേട്ട - എസ്. എൻ. ജംഗ്ഷൻ) -യുടെയും ജെ. എൽ. എൻ. സ്റ്റേഡിയം - ഇൻഫോപാർക്ക് പുതിയ മെട്രോലൈനിന്റേയും തയ്യാറെടുപ്പ് പ്രവൃത്തികൾക്കും (ഭൂമി ഏറ്റെടുക്കലും, സിവിൽ ജോലികളും), ഘട്ടം I മായി ബന്ധപ്പെട്ട പ്രാരംഭ - അനുബന്ധപ്രവർത്തികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 573.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7055-00-190-99— റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലകളും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം : 360,00,00,000 രൂപ (നോൺ പ്ലാൻ)

(114) 2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം 20 കോടി രൂപ കെ. എസ്. ആർ. ടി. സി. ട്രഷറിയിൽ നിക്ഷേപിക്കണമെന്നും പ്രസ്തുത തുകയ്ക്ക് തുല്യമായ തുക നോൺ പ്ലാൻ വിഹിതമായി സർക്കാർ ഒരു വർഷം പരമാവധി 240 കോടി രൂപ നൽകണമെന്നും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 214.40 കോടി രൂപ, 305 കോടി രൂപ, 755 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ആകുമ്പോഴേക്കും പ്രതിമാസ പെൻഷൻ ബാദ്ധ്യത ഏകദേശം 68 കോടി രൂപയാകുമെന്ന് സമിതി വിലയിരുത്തുന്നു.

കെ. എസ്. ആർ. ടി. സി. -യുടെ പ്രവർത്തന മൂലധന ചെലവുകൾക്കായി 500 കോടി രൂപയും പെൻഷൻ ഫണ്ടിലേക്ക് 360 കോടി രൂപയും 2018 മാർച്ച് മാസം വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിന് 284 കോടി രൂപയും ഉൾപ്പെടെ 1,144 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 16.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.